5. 110 KV Substation

6. ചിറ്റമലയിൽ നിന്നും വെള്ളം കൊണ്ടു വരാനായുള്ള ഒരു ജലവിതരണ സംഭരണ പദ്ധതി, അതിനനുബന്ധമായ Water Treatment Plant.

7. Kollam- ക്രിസ്തുരാജ് ജംഗ്ഷനിൽ നിന്നും ടെക്നോപാർക്കിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം.

8. ഒന്നാം നിലയിൽ പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന (Plug & Play Ready to occupy-SBCs) 9 Business ഓഫീസുകൾ.

(സി) ആദ്യഘട്ടം പൂർത്തിയായിക്കഴിഞ്ഞു.

കണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനം

307 (656) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനത്തിനായി എന്തെങ്കിലും പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തന പുരോഗതിക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) Rayz Integrated Solutions എന്ന സ്ഥാപനത്തിനെ കണ്ടറ ടെക്നോ ലോഡ്ജിലേക്ക് കൊണ്ടുവരികയും പ്രവർത്തനരഹിതമായി കിടക്കുകയായിരുന്ന കണ്ടറ ടെക്നോ ലോഡ്ജിൽ പ്രസ്തുത കമ്പനിക്ക് പ്രവർത്തനാനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഏപ്രിൽ 2015-ഓടെ കണ്ടറ ടെക്നോ ലോഡ്ജ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം

308 (657) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സ്ഥലം ഏറ്റെടുക്കലിനും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; ചെലവഴിച്ച തുക എത്ര ; വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ പാർക്കിലും ലക്ഷ്യമിട്ട അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണ്; അവ പൂർത്തീകരിക്കുന്നതിന് എത്ര തുക വീതം ആവശ്യമാണ്;

(സി) സൈബർ പാർക്കിൽ പുതുതായി നിർമ്മിച്ച ഐ.ടി. സ്പെയ്സ് മാർക്കറ്റിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിനായി പ്രത്യേക പാക്കേജ് അനുവദിക്കുമോ ?

ഉത്തരം

(എ) 2014-15 ബഡ്ജറ്റിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ശതമാനം:

KSITIL : അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ തുക 50.39 കോടി. ചെലവാക്കിയ തുക 34.43 കോടി. ശതമാനം - 68.33%

ടെക്നോപാർക്ക് : ആകെ തുക - Rs. 68.45 കോടി

ചെലവായത് 31-1-2015 വരെ - Rs. 5692.35 ലക്ഷം

ശതമാനം - 83%

ഇൻഫോപാർക്ക്: 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 21.7 കോടി രൂപ ഉപയോഗിച്ചിട്ടുണ്ട്.

ശതമാനം - 39.45%

സൈബർപാർക്ക് (കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) : 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശതമാനം - 72.72%

(ബി) സൈബർപാർക്ക് (കോഴിക്കോട്):

1. കോഴിക്കോട് സൈബർ പാർക്കിലേക്കുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ഒരു Substation സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. - 46 കോടി രൂപ.
2. സൈബർ പാർക്കിലേക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനായിട്ടുള്ള പ്രാഥമിക നടപടികൾ പുരോഗമിച്ചുവരുന്നു. - 4.61 കോടി രൂപ
3. 3.3 ലക്ഷം ചതുരശ്ര അടി ഉള്ള ഒരു ഐ.ടി. കെട്ടിടം (Design & Build model) -ൽ പണിയുവാൻ ഉദ്ദേശിക്കുന്നു - 85 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ഐ.ടി. പാർക്ക് :

കണ്ണൂർ ഐ.ടി. പാർക്കിന്റെ ചുറ്റമതിലിന്റെ പണി പുരോഗമിക്കുന്നു -2.35 കോടി രൂപ കെ.എസ്.ഐ.റ്റി.ഐ.എൽ. ഇവിടെ 50000 ചതുരശ്ര അടി ഉള്ള ഒരു ഐ.ടി. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നു. - 25 കോടി രൂപ

കാസർഗോഡ് ഐ. ടി. പാർക്ക് : കാസർഗോഡ് ഐ.ടി.പാർക്കിന്റെ ചുറ്റമതിലിന്റെ പണി പുരോഗമിക്കുന്നു (3.5 കോടി രൂപ). കെ.എസ്.ഐ.റ്റി.ഐ.എൽ. ഇവിടെ 50000 ചതുരശ്ര അടി ഉള്ള ഒരു ഐ.ടി. കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്നു - 25 കോടി രൂപ.

കൊരട്ടി ഇൻഫോപാർക്ക് : കൊരട്ടി ഇൻഫോപാർക്കിലേക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പാർക്കിന് ചുറ്റുമുള്ള മതിലിന്റെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. ടെക്കോപാർക്കിന്റെ Phase-I-ലെ അടിസ്ഥാനസൗകര്യങ്ങൾ പൂർത്തിയാക്കി, പൂർണ്ണമായും പ്രവർത്തന ക്ഷമമാണ്. ടെക്കോപാർക്കിന്റെ Phase-III-ൽ ലക്ഷ്യമിട്ട അടിസ്ഥാന സൗകര്യങ്ങൾ.

1. 10,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഗംഗ-യമുന കെട്ടിട സമുച്ചയം.
2. 1.8 ലക്ഷം ലിറ്റർ, 1.25 ലക്ഷം ലിറ്റർ, വീതം സംഭരണശേഷിയുള്ള ജലസംഭരണികൾ
3. 2.5 കിലോമീറ്റർ നീളമുള്ള ടാർ റോഡുകൾ
4. മാലിന്യ സംസ്കരണ പ്ലാന്റ്
5. 110 KV Substation
6. വൈദ്യുതി back-up നായുള്ള 1500/750 KVA ശേഷിയുള്ള ജനറേറ്ററുകൾ
7. യമുന ബിൽഡിംഗിലെ രണ്ടും മൂന്നും നിലകളിൽ സജ്ജമാക്കിയിരിക്കുന്ന പൂർണ്ണമായും ഫർനിഷ് ചെയ്ത 22 Business ഓഫീസുകൾ.

ടെക്കോപാർക്ക് കൊല്ലം : ലക്ഷ്യമിട്ട അടിസ്ഥാന സൗകര്യങ്ങൾ

1. ആദ്യഘട്ടമായ 1,00,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഷ്ടമുടി ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം.
2. 11 ലക്ഷം ലിറ്റർ സ്റ്റോറേജ് കപ്പാസിറ്റിയുള്ള വാട്ടർ ടാങ്കും പമ്പ് ഹൗസും
3. 0.3 MLD കപ്പാസിറ്റിയുള്ള Sewage Treatment Plant ന്റെ നിർമ്മാണം.
4. 1.5 Km നീളമുള്ള Interior road

5. 110 KV Substation

6. ചിറ്റുമലയിൽ നിന്നും വെള്ളം കൊണ്ടു വരാനായുള്ള ഒരു ജലവിതരണ സംഭരണ പദ്ധതിയും അതിനനുബന്ധമായ ജലസംസ്കരണ പ്ലാന്റും.

7. കൊല്ലം - ക്രിസ്തുരാജ് ജംഗ്ഷനിൽ നിന്നും ടെക്നോപാർക്കിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം.

8. ഒന്നാം നിലയിൽ പൂർണ്ണസജ്ജമാക്കിയ 9 Business ഓഫീസുകൾ.

9. അഷ്ടമുടി IT മന്ദിരത്തിലെ രണ്ടും മൂന്നും നിലകളിൽ സജ്ജീകരിക്കുന്ന SBC ഓഫീസുകൾ.

10. ടെക്നോപാർക്ക് കാമ്പസിനുള്ളിൽ Working Women's Hostel (Rs.5.5 കോടി)

11. Kerala Ceramics ലേക്കുള്ള deviation road. ഈ വർക്ക് ഡിപ്പോസിറ്റ് വർക്കായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>ചെലവായ തുക :</u>

സ്ഥലമേറ്റെടുക്കൽ 3-ാം ഘട്ടം - 216.04 ലക്ഷം രൂപ

വൈദ്യുതീകരണ പ്രവർത്തനങ്ങൾ 3-ാം ഘട്ടം - 486.84 ലക്ഷം രൂപ

ജലം, സാങ്കേതികസഹായം അടിസ്ഥാന സൗകര്യങ്ങൾ - 1093.72 ലക്ഷം രൂപ

ടെക്നോസിറ്റിയുടെ ഭൂമി - റോഡ് വികസനം - 208.59 ലക്ഷം രൂപ

ടെക്നോസിറ്റി വൈദ്യുതീകരണ പ്രവർത്തനങ്ങൾ - 1508.84 ലക്ഷം രൂപ

ടെക്നോസിറ്റി ജലം, സാങ്കേതിക സഹായം - 2176.51 ലക്ഷം രൂപ

ഭൂവികസനം - ടെക്നോപാർക്ക് കൊല്ലം - 1.81 ലക്ഷം രൂപ

<u>ഇൻഫോപാർക്ക് - ചേർത്തല:</u>

1. 110 KV സബ്സ്റ്റേഷൻ - 900 ലക്ഷം രൂപ

2. ഇന്റേണൽ റോഡ് - 500 ലക്ഷം രൂപ

3. STP - 70 ലക്ഷം രൂപ

4. വാട്ടർ ടാങ്ക് - 156 ലക്ഷം രൂപ

5. ചുറ്റുമതിൽ - 400 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫോപാർക്ക് കൊച്ചി - ഘട്ടം II

1. ഇന്റേണൽ റോഡ് -3081 ലക്ഷം രൂപ

2. 220 KV GIS സബ്സ്റ്റേഷൻ - 3800 ലക്ഷം രൂപ

3. ചുറ്റുമതിൽ - 1100 ലക്ഷം രൂപ

4. വൈദ്യുതി വിതരണം - 200 ലക്ഷം രൂപ

5. ജല വിതരണം - 200 ലക്ഷം രൂപ

6. പാർക്കിനുള്ളിലെ ജല വിതരണം - ജലസംഭരണി -300 ലക്ഷം രൂപ

7. Power supply - 517 ലക്ഷം രൂപ

8. Gate and Gate House - 100 ലക്ഷം രൂപ

9. STP - 150 ലക്ഷം രൂപ

10. Street light and Land scape - 300 ലക്ഷം രൂപ

11. മഴവെള്ള സംഭരണം - 75 ലക്ഷം രൂപ

ഇൻഫോപാർക്ക് - തൃശ്ശൂർ :

1. 2 MVA Power - KSEB - 300 ലക്ഷം രൂപ

2. 2 MLD ജലം - KWA - 650 ലക്ഷം രൂപ

3. STP - 72 ലക്ഷം രൂപ

4. Internal Roads - 300 ലക്ഷം രൂപ

സൈബർ പാർക്ക് - കോഴിക്കോട്

2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടം, സിവിൽ കൺസ്ട്രക്ഷൻ -45 കോടി, എം.ഇ.പി. - 24 കോടി, ഇന്റീരിയർ ഫർണിഷിംഗ്, ലാന്റ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പിംഗ്, HVAC, സബ്സ്റ്റേഷൻ എന്നിവയാണ്. ഇതിൽ സിവിൽ കൺസ്ട്രക്ഷൻ 35% പൂർത്തീകരിച്ചു. എം.ഇ.പി. ടെണ്ടർ അന്തിമഘട്ടത്തിലാണ്. സൈബർപാർക്ക് ഡെവലപ് ചെയ്യുന്നതിന് 80 കോടി രൂപ ആവശ്യമാണ്. 11700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പാർക്ക് സെന്റർ (കോമൺഫെസിലിറ്റി സെന്റർ) കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് 2.69 കോടി രൂപയും, അതിന്റെ എയർകണ്ടീഷനിംഗ് 49.81 ലക്ഷം രൂപയും ഇന്റീരിയർ ഫർണിഷിംഗിന് 1.41 കോടി രൂപയും, ലാന്റ് സ്കേപ്പിംഗ് & ലാന്റ് ഡെവലപ്മെന്റിന്

96 ലക്ഷം രൂപയും അതിലേക്കാവശ്യമായ 11 കെ. വി. സബ്സ്റ്റേഷൻ 71.68 ലക്ഷം രൂപയുമാണ് ചെലവായത്. ആദ്യഘട്ടമെന്ന നിലയിൽ 50000 ലിറ്റർ പ്രതിദിന ജലലഭ്യതയാണ് ഒരുക്കിയിരിക്കുന്നത്. ഇതിനായി 98 ലക്ഷം രൂപ ചെലവഴിച്ചു.

(സി) സൈബർ പാർക്കിന്റെ നിലവിലുള്ള 11700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പാർക്ക് സെന്റർ കെട്ടിടത്തിൽ നിലവിൽ 4 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഈ കെട്ടിടത്തിൽ സ്ഥലമൊന്നും ഇപ്പോൾ ഒഴിഞ്ഞു കിടപ്പില്ല. സൈബർപാർക്കിന്റെ 2.88 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പണി ഈ വർഷാവസാനമാകുമ്പോഴേക്കും പൂർത്തീകരിക്കാൻ സാധിക്കും. പ്രസ്തുത സ്ഥലം ഐ.ടി. കമ്പനികൾക്കു നൽകുന്നത് സംബന്ധിച്ച് അഡ്വാൻസ് മാർക്കറ്റിങ്ങ് പ്രവൃത്തികൾ നടന്നുവരുന്നു.

അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്

309 (658) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സാധ്യമാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത് ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ;

(സി) ഏതെല്ലാം ജില്ലകളിലെ പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ട് ;

(ഡി) സംസ്ഥാനമൊട്ടാകെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ; ഏതെല്ലാം ജില്ലകളെ ആദ്യഘട്ടത്തിൽ ഒഴിവാക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്ത് തലം വരെ അതിവേഗ ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കുന്നതിലേക്കായി നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) എന്ന കേന്ദ്ര സർക്കാർ പദ്ധതിയിൽ കേരളത്തിലെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ബി.എസ്.എൻ.എൽ., ഭാരത് ബ്രോഡ്ബാന്റ് നെറ്റ് വർക്ക് ലിമിറ്റഡ് (ബി.ബി.എൻ.എൽ.) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly